# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ഏപ്രിൽ 10**

**APRIL 10**

**2019**

***1194 മീനം 27* ബുധൻ**

## പത്രക്കുറിപ്പ് 1



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## ലോക്സഭാ തെരഞ്ഞെടുപ്പ്: ജില്ലയിൽ നിന്നു പിടികൂടിയത് 14,65,120 രൂപ

ലോക്സഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതിനുശേഷം ജില്ലയിൽ നിന്നു മതിയായ രേഖകളില്ലാതെ കടത്തുകയായിരുന്ന 14,65,120 രൂപ ഇതുവരെയായി പിടിച്ചെടുത്തതായി എക്സപെൻഡീച്ചർ മോണിറ്ററിങ് കമ്മിറ്റി നോഡൽ ഓഫീസർ കെ സതീശൻ പറഞ്ഞു. ഫ്ളയിംങ്ങ് സ്ക്വാഡ്, സ്റ്റാറ്റിക് സർവെയലൻസ് ടീം എന്നിവ നടത്തിയ പരിശോധനയിലാണ് തുക പിടികൂടിയത്. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഇതര സംസ്ഥാനങ്ങളിൽനിന്നും അയൽ ജില്ലയിൽ നിന്നും അനധികൃതമായി ജില്ലയിലേക്ക് പണം എത്തുന്നുണ്ടോയെന്നറിയാൻ ഫ്ളയിങ്ങ് സ്ക്വാഡ്, സ്റ്റാറ്റിക് സർവെയലൻസ് ടീം എന്നിവയുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയതിന്റെ പശ്ചാത്തലത്തിലാണ് ഇത്രയും തുക പിടികൂടിയത്.

50,000 രൂപവരെയാണ് ഒരാൾക്ക് കൈവശം വച്ച് യാത്രചെയ്യാവുന്ന തുക. അതിൽ കൂടുതൽ തുക കൈവശം വച്ച് യാത്ര ചെയ്യുകയാണെങ്കിൽ മതിയായ രേഖകൾ കൂടി കൈയിൽ കരുതണം. രേഖകൾ ഇല്ലാതെ പിടികൂടുന്ന പണം ട്രഷറിയിൽ സൂക്ഷിക്കും. അതോടൊപ്പം തന്നെ കണ്ടുകെട്ടിയതിന്റെ വിശദവിവരം പണത്തിന്റെ ഉടമസ്ഥനെ അറിയിക്കും. കുറ്റാരോപിതനായ വ്യക്തിക്ക് അപ്പീൽ അധികാരി മുഖേനെ തന്റെ പരാതി ബോധിപ്പിക്കാം. തുടർന്ന് എക്സപെൻഡീച്ചർ മോണിറ്ററിങ് കമ്മിറ്റി നോഡൽ ഓഫീസർ, ജില്ലാ ട്രഷറി ഓഫീസർ, പി എ യു പ്രൊജക്ട് ഡയറക്ടർ എന്നിവർ മെമ്പർമാരായി പ്രവർത്തിക്കുന്ന അപ്പീൽ കമ്മിറ്റി യോഗം ചേരും. വസ്തുതകളും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടാൽ പണം വിട്ടു നൽകും. അല്ലാത്തപക്ഷം എഫ് ഐ ആർ രജിസ്റ്റർ ചെയ്യുകയും കോടതിയുടെ അന്തിമവിധി അനുസരിച്ച് മുന്നോട്ട് പോകും.

## ക്രിമിനൽ കേസുള്ള സ്ഥാനാർത്ഥികൾ
## 12, 16, 21 തീയതികളിൽ പരസ്യം നൽകണം

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികളിൽ ക്രിമിനൽ കേസുള്ളവർ ഏപ്രിൽ 12, 16, 21 തീയതികളിൽ ജില്ലാ വരണാധികാരി നിർദേശിച്ചിട്ടുള്ള പത്രങ്ങളിൽ  കേസുകൾ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിക്കണം. പ്രസിദ്ധീകരിച്ച കാര്യങ്ങൾ സംബന്ധിച്ച് പരാതികളുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് 500 രൂപ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നൽകാം.

ഈ ദിവസങ്ങളിൽ ടിവി ചാനലുകളിലും പരസ്യം നൽകണം. പരസ്യം പ്രാദേശിക ഭാഷയിലായിരിക്കണം. രാവിലെ എട്ടിനും രാത്രി പത്ത് മണിക്കുമിടയിലാണ് ചാനലുകളിൽ പരസ്യം ചെയ്യേണ്ടത്. കൃത്യമായി മനസ്സിലാകുന്ന വലിപ്പത്തിൽ കുറഞ്ഞത് ഏഴ് സെക്കന്റെങ്കിലും പരസ്യം സ്ക്രീനിൽ തെളിയണം.

## കാസർകോട് ലോക്സഭാ മണ്ഡലത്തിൽ 13,60,827 വോട്ടർമാർ; മുൻതൂക്കം സ്ത്രീകൾക്ക്

ലോക്സഭാ തെരഞ്ഞെടുപ്പിൽ കാസർകോട് പാർലമെന്ററി മണ്ഡലത്തിൽ നിന്നും വിധി നിർണയിക്കുന്നത് 13,60,827 വോട്ടർമാർ. ഇതിൽ പുരുഷന്മാരേക്കാളും സ്ത്രീ വോട്ടർമാർക്കാണ് എണ്ണത്തിൽ മുൻതൂക്കമുള്ളത്. പ്രവാസി വോട്ടർമാരുൾപ്പെടെ സമ്മതിദായകരിൽ 7,04,393 സ്ത്രീകളും 6,56,443 പുരുഷൻമാരുമാണ്. കൂടാതെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്ന് ഒരു വോട്ടറും സമ്മതിദായക പട്ടികയിൽ ഇടം പിടിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ മാർച്ച് 25 വരെ വോട്ടർ പട്ടികയിൽ ഓൺലൈനായി ലഭിച്ച അപേക്ഷകരിൽ യോഗ്യരായവരെ  കൂടി ഉൾപ്പെടുത്തി എപ്രിൽ അഞ്ചിന് പ്രസിദ്ധീകരിച്ച പുതിയ കണക്കാണിത്. 2019 ജനുവരി 30ന്  പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം കാസർകോട് ലോക്സഭാ മണ്ഡലത്തിൽ 13,24,387 വോട്ടർമാരാണുണ്ടായിരുന്നത്. പുതിയതായി 36,440 പേരാണ് പട്ടികയിൽ ഇടം നേടിയത്.

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ 92,526 സ്ത്രീകളുൾപ്പെടെ 1,75,116 വോട്ടർമാരും, കല്യാശേരിയിൽ 95,925 സ്ത്രീകളുൾപ്പെടെ 1,74,680 വോട്ടർമാരുമാണുള്ളത്. കല്യശേരിയിലാണ് ഏറ്റവും കൂടുതൽ സ്ത്രീ-പുരുഷ അന്തരമുള്ളത്. ഇവിടെ പുരുഷൻമാരേക്കാൾ 17,170 സ്ത്രീകൾ കൂടുതലുണ്ട്. കൂടുതൽ വോട്ടർമാരുള്ളത് മഞ്ചേശ്വരം നിയോജക മണ്ഡലത്തിലാണ്. 1,06,624 പുരുഷന്മാരും 1,05,462 സ്ത്രീകളുമായി ആകെ 2,12,086 വോട്ടർമാരാണ് മഞ്ചേശ്വരത്തുള്ളത്. കല്യാശേരിയിലാണ് കുറവ് വോട്ടർമാരുള്ളത്. 179 സ്ത്രീകളുൾപ്പെടെ 4,858 പ്രവാസി വോട്ടർമാരാണ് കാസർകോട് പാർലമെന്ററി മണ്ഡലത്തിലുള്ളത്. ഏറ്റവും കൂടുതൽ പ്രവാസി വോട്ടർമാർ (1181 പേർ) തൃക്കരിപ്പൂരിലും തൊട്ടു പിറകിൽ (1121 പേർ) കല്യാശേരിയുമാണ്. 89 സ്ത്രീകളുൾപ്പെടെ 3110 സർവീസ് വോട്ടർമാരാണ് നിലവിലുള്ളത്. ഏറ്റവും കൂടുതൽ (974 പേർ) പയ്യന്നൂരിലും തൊട്ടു പിറകിൽ (882) തൃക്കരിപ്പൂരും ഏറ്റവും കുറവ് (22 പേർ) മഞ്ചേശ്വരത്തുമാണ്. ആകെ 682 വോട്ടെടുപ്പ് കേന്ദ്രങ്ങളിലായി 1,317 പോളിങ് ബൂത്തുകളാണ് ലോക്സഭാ തെരഞ്ഞെടുപ്പിനായി നിശ്ചയിച്ചിട്ടുള്ളത്.

## പോളിങ് ജീവനക്കാർക്ക് രണ്ടാംഘട്ട പരിശീലനം;

## നിയമന ഉത്തരവിൽ  മാറ്റം അനുവദിക്കില്ല

ലോക്സഭാ തെരഞ്ഞെടുപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള പോളിങ് ജീവനക്കാർക്കുള്ള രണ്ടാംഘട്ട പരിശീലനം ഏപ്രിൽ 11, 12, 16, 17 തീയതികളിലായി ചന്ദ്രഗിരി കെ എസ് ടി പി റോഡിലുള്ള ചെമ്മനാട് ജമാഅത്ത് ഹയർ സെക്കഡറി സ്കൂളിൽ നടക്കുമെന്ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബു അറിയിച്ചു. നിയമന ഉത്തരവിൽ  നിർദ്ദേശിച്ചുള്ള ദിവസവും സമയത്തും തന്നെ പരിശീലന ക്ലാസിൽ  ഉദ്യോഗസ്ഥർ പങ്കെടുക്കണം. അതിൽ മാറ്റമുണ്ടാകില്ല.

## കർഷകർക്ക് യോഗം

ജൈവരീതിയിൽ ഉൽപ്പാദിപ്പിച്ച പഴവർഗങ്ങൾ, പച്ചക്കറികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ വിഷു വിപണിയിലേക്ക് നൽകാൻ സന്നദ്ധരായ കർഷകർ കാസർകോട് മുനിസിപ്പൽ കൃഷിഭവനിൽ ഏപ്രിൽ 11ന് ഉച്ചയ്ക്ക് രണ്ടിന് നടക്കുന്ന യോഗത്തിൽ പങ്കെടുക്കണമെന്ന് കാസർകോട് കൃഷിഭവൻ അഗ്രികൾച്ചർ ഫീൽഡ് ഓഫീസർ അറിയിച്ചു. മൊബൈൽ നമ്പർ- 9383472310

## റേഷൻ കാർഡ് സംബന്ധമായ യാതൊരുവിധ വിതരണവും ഇല്ല

തെരഞ്ഞെടുപ്പ് സംബന്ധമായ ക്ലാസുകൾ നടത്തുന്നതിനാൽ ഏപ്രിൽ 12 മുതൽ 24 വരെ കാസർകോട് താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻ കാർഡ് സംബന്ധമായ യാതൊരുവിധ വിതരണവും ഉണ്ടായിരിക്കുന്നതല്ല. അപേക്ഷകൾ സ്വീകരിക്കും.

**(തുടരും...)**